താനൂരിലെ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് പുനർനിർമ്മാണം

176 [1527] ശ്രീ. പി.കെ. അബ്ദുറബ്ബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂരിലുള്ള പി.ഡബ്ല്യു.ഡി. വക റസ്റ്റ് ഹൗസ് കെട്ടിടം കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പൊളിച്ച് മാറ്റി പുതിയ റസ്റ്റ് ഹൗസും കമ്മേഴ്സ്യൽ കോംപ്ലക്സും നിർമ്മിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആൻഡ് സി) റസ്റ്റ് ഹൗസിന് ആവശ്യമായ അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്. പുതിയ കെട്ടിടനിർമ്മാണം സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

കോട്ടയ്ക്കൽ വനിതാ പോളിടെക്നിക് സ്റ്റാഫ് കമ്പാർട്ടുമെന്റിന്റെ പണി

177 [1528] ശ്രീ. പി.കെ. അബ്ദുറബ്ബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക് സ്റ്റാഫ് കമ്പാർട്ടുമെന്റിന്റെ പണി എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പണി ആരംഭിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക് സ്റ്റാഫ് കമ്പാർട്ടുമെന്റിന്റെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ചാത്തമംഗലം ഗ്രാമപഞ്ചായത്തിന് മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിന് സ്ഥലം

178 [1529] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. ഇ. സി.-മലയമ്മ റോഡ് സൈഡിൽ പി. ഡബ്ല്യു. ഡി.-യുടെ ഉടമസ്ഥതയിൽ എത്ര സെന്റ് സ്ഥലം ഉണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly